(സി) താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കാമെന്ന് ധാരണയായിട്ടുണ്ട്.

1. പ്രത്യേക സാമ്പത്തിക മേഖല പദവി നേടുവാനുള്ള സഹായം.
2. ഏകജാലക സംവിധാന നടപടികൾ.
3. വ്യവസായ മേഖല പ്രഖ്യാപന നടപടികൾ.

സാംസ്കാരിക സർവ്വകലാശാല ആരംഭിക്കുന്നതിന് നടപടി

19. [*19] ശ്രീ. തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ :

,, കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാംസ്കാരിക സർവ്വകലാശാല ആരംഭിക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ സർവ്വകലാശാല എവിടെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

പട്ടിക സമുദായക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ)—(സി) കേരള കലാമണ്ഡലം കേന്ദ്രമാക്കി സാംസ്കാരിക സർവ്വകലാശാല ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. സാംസ്കാരിക കാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും അദ്ദേഹം റിപ്പോർട്ട് നൽകുകയും ചെയ്തു. പ്രാരംഭ നടപടികൾക്കായി ആറൻമുള വാസ്തുവിദ്യാ ഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടറെ സ്പെഷ്യൽ ആഫീസറായി നിയമിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ

20. [*20] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (മുഖ്യമന്ത്രി ഇൻ ചാർജ്) സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഫയലിംഗ് അധികാരമുള്ള ഡിവിഷൻ ബഞ്ച് ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly